# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം
# തൃശ്ശൂർ – 680020


## ഇ-മെയിൽ: dotsr.ksad@kerala.gov.in
## ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം കെ.എസ്.എ.ടി.എസ്.ആർ(പി1) 995/22dt.03.07.22 /22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ

ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) അസി.ഡവലപ്പ്മെന്റ് കമ്മീഷ്ണർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നമ്പർ: നം തീയ്യതി: 03/07/2022
കെ.എസ്.എ.ടി.എസ്.ആർ(പി1)
995/22dt.03.07.22 /22

# തൃശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-06-2019 മുതൽ 30-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

# (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

## ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ . ഷാജി കെ | ജോയിന്റ് ഡയറക്ടർ | 27-05-2022 | 31-05-2022 |

| | | | |
|---|---|---|---|
| ശ്രീ.സതീശൻ . എൻ | ജോയിന്റ് ഡയറക്ടർ (ഇൻ ചാർജജ്) | 01-06-2022 | 03-06-2022 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-05-2022 | 03-06-2022 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ബിത ടി.എസ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. സീനത്ത് പി.എ ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുനിത . ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. വിദ്യ ഒ.കെ സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. രേഖ ഇ.സി. ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വി.എ മനോജ്കുമാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ. ശ്രീചിത്ത് . സി | സെക്രട്ടറി | 01-04-2019 | 17-10-2019 |
| ശ്രീ.റോബിൻ സി.എ [ജോയിന്റ് ബി.ഡി.ഒ | സെക്രട്ടറി | 18-10-2019 | 04-11-2019 |
| ശ്രീ.ശ്രീചിത്ത് . സി | സെക്രട്ടറി | 05-11-2019 | 31-03-2020 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സനിൽകുമാർ.എം.വി. | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| വിജയൻ.പി.എസ്. | അസി.എൻജിനീയർ | 01-04-2019 | 31-03-2020 |
| ജി.മുരളീധര മേനോൻ | അസി.ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2019 | 31-03-2020 |
| ഡോ. രാജീവ് | സൂപ്രണ്ട്, പി.എച്ച്.സി. ആനന്ദപുരം. | 01-04-2019 | 31-03-2020 |
| സുകന്യ.എൻ.എസ്. | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| സെറിൻ. പി.ജോർജ്ജ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഇ.പി.ഹരീഷ്. | വ്യവസായവികസന ഓഫീസർ | 01-04-2019 | 10-06-2019 |
| കവിത വേലായുധൻ | വ്യവസായവികസന ഓഫീസർ [ഇൻ ചാർജ് | 11-06-2019 | 08-07-2019 |
| തേജോ കെ.കൈമൾ | വ്യവസായവികസന ഓഫീസർ | 09-07-2019 | 18-11-2019 |
| സുനിത പി. വി | വ്യവസായവികസന ഓഫീസർ [ഇൻ ചാർജ് ] | 19-11-2019 | 09-02-2020 |
| സെബി വി.എ | വ്യവസായവികസന ഓഫീസർ [ഇൻ ചാർജ് ] | 10-02-2020 | 10-03-2020 |
| തേജോ കെ.കൈമൾ | വ്യവസായവികസന ഓഫീസർ | 11-03-2020 | 31-03-2020 |
| വത്സ പി.എം. | ശിശു വികസന ഓഫീസർ | 01-04-2019 | 26-07-2019 |

| | | | |
|---|---|---|---|
| ഷംസാദ് എം. | ശിശു വികസന ഓഫീസർ | 27-07-2019 | 31-03-2020 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | കാഷ് വെരിഫിക്കേഷൻ | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | വാർഷികകണക്കുകളുടെ സമർപ്പണം - അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-8-1 |
| 9 | പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-8-2 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-8-3 |
| 11 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-8-4 |
| 12 | അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-8-5 |
| 13 | വരവ് രജിസ്റ്ററുകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-8-6 |
| 14 | Capital Work In Progress-വർക്ക് ഷീറ്റും ലെഡ്ജറുമായി പൊരുത്തപ്പെടുന്നില്ല. | 1-8-7 |

| | | |
|---|---|---|
| 15 | വാർഷിക കണക്കിലെ അപാകതകൾ | 1-8 |
| 16 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. | 1-8-8 |
| 17 | ജേണൽ വൗച്ചറുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-8-9 |
| 18 | റീകൺസിലിയേഷൻ പത്രികകൾ തയ്യാറാക്കിയിട്ടില്ല. | 1-8-11 |
| 19 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റും അതേ ഇനത്തിലുള്ള ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-8-12 |
| 20 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-8-13 |
| 21 | വരവ് രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല | 1-9 |
| 22 | ചെക്ക് മുഖേന ലഭിച്ച വരവ് - കൃത്യമായി വരവ് വയ്ക്കുന്നില്ല. | 1-10 |
| 23 | ഡെയ്‌ലി കളക്ഷൻ-കുറവ് തുക അടവാക്കി. | 1-11 |
| 24 | വാഹന പരിപാലനം-ലോഗ്ബുക്കിൽ തെറ്റായ ഇന്ധനവിവരങ്ങൾ ചേർക്കുന്നു. | 1-12 |
| 25 | വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-13 |
| 26 | ഗ്രാമലക്ഷ്മി മുദ്രാലയത്തിന് കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള രെജിസ്റ്ററുകളും ഫോമുകളും ലഭ്യമായിട്ടില്ല. | 1-14 |
| 27 | സെക്രട്ടറിയുടെ പേരിലല്ലാത്ത കെട്ടിടത്തിന് വൈദ്യുതി ചാർജ്ജ് അടവാക്കുന്നു. | 1-15 |
| 28 | റോഡ് പ്രവൃത്തികൾ -അപാകതകൾ | 1-16 |

| | | |
|---|---|---|
| 29 | പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസം - പിഴ 17649രൂപ ഈടാക്കേണ്ടതാണ് | 1-17 |
| 30 | എസ്.സി വനിതകൾക്ക് സ്വയം തൊഴിൽ പരിശീലന കേന്ദ്രം- കെട്ടിടം കാറളം ഗ്രാമ പഞ്ചായത്തിന് രേഖാമൂലം കൈമാറിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. | 1-18 |
| 31 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറിക്ക് ധനസഹായം -പണി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. | 1-19 |
| 32 | പ്രീമെട്രിക്ക് ഹോസ്റ്റലിലേക്ക് ഫർണ്ണിച്ചർ,ക്യാമറ സിസ്റ്റം ,മറ്റു അനുബന്ധ സൗകര്യങ്ങൾ - പ്രോജക്റ്റ് പ്രകാരം വാങ്ങിയ ഇനങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടില്ല.97000/- രൂപ തടസ്സപ്പെടുത്തുന്നു | 1-20 |
| 33 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ അപാകതകൾ | 1-21 |
| 34 | പത്ര പരസ്യം-സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല | 1-22 |
| 35 | ജലസേചനപദ്ധതികൾ - മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കേണ്ടതാണ്;രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 42235രൂപ തടസ്സപ്പെടുത്തുന്നു. | 1-23 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

| ഭാഗം 4 | | |
|---|---|---|
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 21.02.2019, തീരുമാനം നം.1(1) | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 147647690 | 138890075 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 19.03.2020, തീരുമാനം നം. 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 137357968 | 132331717 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 30-7-21 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9242338 |
| വരവ് | 33572893 |
| ആകെ | 42815231 |
| ചെലവ് | 33086312 |
| നീക്കിയിരിപ്പ് | 9728919 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 20660000 | 20660000 | 15827734 | 4832266 |
| വികസന ഫണ്ട് – എസ് സി പി | 0 | 13662000 | 13662000 | 6942018 | 6719982 |
| മെയിന്ററനൻസ്-റോഡിതരം | 0 | 2703000 | 2703000 | 1535827 | 1167173 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|
| 87 | 54014700 | 48 | 27340004 | 8 | 31 | 50.61` |

## 1-6 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01 .06.2022 തീയതിയിൽ 2:56 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട

ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ലെന്ന് ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1.ബജറ്റ് പ്രകാരമുള്ള വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. വാർഷികകണക്കുകൾ സംബന്ധിച്ച അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടവയാണ്. നിലവിലുള്ള ചട്ടങ്ങൾക്കനുസൃതമായി വരവുചെലവുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നതോടൊപ്പം തന്നെ ആധാരമായി വർത്തിക്കുന്ന അനുബന്ധരജിസ്റ്ററുകൾ/പത്രികകൾ എന്നിവ കാലികമാക്കി കണക്കുകളോട് പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതും തുല്യപ്രാധാന്യമർഹിക്കുന്നു. അവശ്യം എഴുതി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ അപാകതകൾ ഒഴിവാക്കി പരിപാലിക്കേണ്ടതാണ്.

3.എല്ലാ ചെലവുവൗച്ചറുകളും ക്രമപ്രകാരം സൂക്ഷിക്കേണ്ടതും കാഷ് ബുക്ക് [ബാങ്ക് ബുക്ക്] , ജേണൽ ബുക്ക് എന്നിവയിൽ നിന്നും വാർഷിക കണക്കിലേക്ക് എത്തുന്ന അക്കൗണ്ട് ശീർഷകങ്ങൾ തിരിച്ചറിയുന്ന രീതിയിൽ ഓരോ വൗച്ചറിനൊപ്പവും ബുക്ക് ചെയ്യുന്ന ശീർഷകങ്ങൾ വ്യക്തമാകുന്നതിന് പേമെന്റ് വൗച്ചർ പ്രിന്റ് എടുത്ത് സൂക്ഷിക്കേണ്ടതുമാണ്.

## 1-8-1 വാർഷികകണക്കുകളുടെ സമർപ്പണം - അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യപത്രികയിലെ പത്രികയായി ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-8-2 പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ വരുമാനമായി Tax Revenue ഇനത്തിൽ (I&E Schedule I-1, I-1(A)) വരുമാനം തെറ്റായി ചേർത്തിരിക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന് ടാക്സ് റവന്യൂ ഇനത്തിൽ വരുമാനമില്ല.ആയതിനാൽ മേൽ ഷെഡ്യൂളുകളിൽ വരുമാനം ചേർത്തത് ശരിയല്ല.

## 1-8-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-8-4 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റുകൾ സ്വീകരിക്കുന്നതും തിരികെ നൽകുന്നതും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പ് തുക ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-8-5 അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

അഡ്വാൻസ് നൽകുന്നതും ക്രമീകരിക്കുന്നതും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരമുള്ള നീക്കിയിരിപ്പ് തുക ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-8-6 വരവ് രജിസ്റ്ററുകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

1)ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക

കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

1. വാടക രജിസ്റ്റർ (ഷോപ്പിംഗ് കോംപ്ലക്സ്)

2. വാടക രജിസ്റ്റർ (ഓഡിറ്റോറിയം)

3. ലേല രജിസ്റ്റർ

2) അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ പരിശോധിക്കുന്നതിന് രജിസ്റ്റർ ഹാജരാക്കിയെങ്കിലും ഡി.സി.ബി.തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ടി തുകകളുടെ ആധികാരികത ഉറപ്പുവരുത്താനായിട്ടില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 54265 | 14965 + 31094 = 46059* | 8206 |
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക (കുടിശ്ശിക) | 29587 | 0 | 29587 |

*14965/- രൂപയുടെ വരവ് 130100101 എന്ന ഡിമാന്റ് ശീർഷകത്തിലും 31094/- രൂപയുടെ വരവ് 431400101 എന്ന ആസ്തി ശീർഷകത്തിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

3) കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന തുകകൾ പരിശോധിക്കുന്നതിന് രജിസ്റ്റർ ഹാജരാക്കിയെങ്കിലും ഡി.സി.ബി.തയ്യാറാക്കിയിട്ടില്ല.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം |
|---|---|---|
| Sale Of Usufructs Of Trees | 5756 | 5756 |
| Sale Of Tender Forms | 5300 | 5300 |
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക (ഹാൾ, ഓഡിറ്റോറിയം) | 416350 | 416350 |
| Sale Of Timber | 15000 | 15000 |
| Sale Of Other Products | 358998 | 358998 |
| Sale Of Other Forms | 4815 | 4815 |
| Receipts From Auction Of Obselete Assets | 1775 | 1775 |
| Miscallaneous Sales | 6905 | 6905 |

## 1-8-7 Capital Work In Progress-വർക്ക് ഷീറ്റും ലെഡ്ജറുമായി പൊരുത്തപ്പെടുന്നില്ല.

31/3/2020 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (B-11(A)) പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 3990327/- രൂപയാണ്. ടി ശീർഷകത്തിൽ നിന്നും ആസ്തി ശീർഷകത്തിലേക്ക് മാറ്റിയതിന്റെ വർക്ക് ഷീറ്റ് ഹാജരാക്കിയെങ്കിലും ആയത് 412010101-Capital Work In Progress ലെഡ്ജറുമായി പൊരുത്തപ്പെടുന്നില്ല.

## 1-8 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-8-8 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2019-20 വർഷത്തെ Income And Expenditure പത്രിക പ്രകാരം 6156597/- രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-8-9 ജേണൽ വൗച്ചറുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ

എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-8-11 റീകൺസിലിയേഷൻ പത്രികകൾ തയ്യാറാക്കിയിട്ടില്ല.

| ശീർഷകം | ഫണ്ടിനം |
|---|---|
| 450220101 | IOB_MIS |
| 450220109 | Scheduled Bank-Own Fund |
| 450230101 | Co-Operative Bank |
| 450250110 | Treasury TSB GPF |
| 450450101 | Treasury Special Fund |
| 450610102 | Nationalised Bank IDBI |
| 450610109 | IDBI -IAY State Share |
| 450650109 | Treasury Special TSB- Joint Venture |

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 57 പ്രകാരം എല്ലാ ബാങ്ക് ബുക്കുകളുടെയും നീക്കിയിരിപ്പ് മാസാന്ത്യത്തിൽ അതാത് ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതും റീകൺസിലിയേഷന് ശേഷം തൊട്ടടുത്ത മാസം 5-ാം തീയതിക്ക് മുൻപായി റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് അക്കൗണ്ടന്റ് തയ്യാറാക്കേണ്ടതും പ്രസ്തുത സ്റ്റേറ്റ്മെന്റിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ മേൽ ചട്ടം ബ്ലോക്ക് പഞ്ചായത്തിൽ പാലിക്കപ്പെടുന്നില്ല.

## 1-8-12 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റും അതേ ഇനത്തിലുള്ള ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/20 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/20 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | |
|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക |
| 1 | 320700203 | Contributions For Joint Venture Projects( For Revenue | 926515 |

| | | | |
|---|---|---|---|
| | | Expenditure)-From Village Panchayat | |
| 2 | 320700205 | Contributions For Joint Venture Projects( For Revenue Expenditure)-From District Panchayat | 789774 |
| 3. | 320700404 | Contributions For Other Specific Purposes ( For Revenue Expenditure)-From Block Panchayat | 150008 |
| 4 | 320100115 | Centrally Sponsered Scheme – TSC | 2626233 |
| 5 | 320100199 | Centrally Sponsered Scheme – Frants, Funds & Contributions For Specific Purposes – Central Govt | 16178 |
| 6 | 320200309 | Literacy Scheme Grant | 18016 |
| 7 | 320200323 | Grant For Keralolsavam | 120000 |
| 8 | 320700103 | Contributions For Joint Venture | 18876 |

| | | | |
|---|---|---|---|
| | | Projects( For Capital Expenditure)-From Village Panchayats | |
| 9 | 320700104 | Contributions For Joint Venture Projects( For Capital Expenditure)-From Block Panchayat | 118834 |

## 1-8-13 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 486581.00 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1569512രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-9 വരവ് രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

2019-20ലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചത് താഴെ പറയും പ്രകാരം വിവിധ ഇനത്തിൽ വരവ് ലഭിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വരവിനം | വാർഷിക ധനകാര്യ പത്രിക പ്രകാരം ലഭ്യമായ വരവ് (RP-3 പ്രകാരം) |
|---|---|---|
| 1. | വാടക (ബിൽഡിങ് ) | 14,965 + 31094(RP-43 പ്രകാരം) |
| 2. | വാടക (ഓഡിറ്റോറിയം & ഹാൾ ) | 4,16,350 |
| 3. | ഫലവൃക്ഷങ്ങളിൽ നിന്നുള്ളനിന്നുള്ള ആദായം | 5,756 |
| 4 | തടി വിൽപ്പന | 15,000 |
| 5. | മറ്റ് വസ്തുക്കളുടെ വിൽപ്പന | 3,58,998 |
| 6. | പാഴ്വസ്തുക്കളുടെ വിൽപ്പന | 1,775 |
| 7. | മിസലനിയസ് വിൽപ്പന | 6,905 |

ബന്ധപ്പെട്ട രെജിസ്റ്ററുകളും ഫയലുകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻ കയറിക്ക്(നമ്പർ:4 തീയതി: 30-05-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പരിശോധനക്ക് ലഭ്യമാക്കിയ വാടക രെജിസ്റ്ററിൽ 2019 -20 ൽ യാതൊരു രേഖപ്പെടുത്തലുകളില്ലാതെ സൂക്ഷിച്ചിരിക്കുന്നതിനാൽ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. രെജിസ്റ്ററോടൊപ്പം അപേക്ഷ ഫയലുകളും വാടക ബൈലോയും ലഭ്യമാക്കിയിട്ടില്ല. വാടക വരവിന്റെ സാമ്പത്തിക വർഷാവസാനത്തിലെ സംക്ഷിപ്തമോ മേലാധികാരിയുടെ സാക്ഷ്യപ്പെടുത്തലുകളോ രജിസ്റ്ററിൽ വരുത്തിയിട്ടില്ല. മേൽ സൂചിപ്പിച്ച മുഴുവൻ വരവുകളുടെയും രജിസ്റ്ററുകളും ഫയലുകളും കൃത്യമാക്കി ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## <u>1-10 ചെക്ക് മുഖേന ലഭിച്ച വരവ് - കൃത്യമായി വരവ് വയ്ക്കുന്നില്ല.</u>

I) 31.3.20 ലെ ഡേ ബുക്ക് പ്രകാരം താഴെ പറയുന്ന തുകകൾക്ക് ചെക്ക് ലഭിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | രസീത് നമ്പർ / തീയതി | ഇനം | ചെക്ക് തുക / തീയതി |
|---|---|---|---|
| 1. | 119030900002/31.3.20 | അദർ റെസീപ്റ്റ് | 7,00,000/- 16.11.18 |
| 2. | 119030900003/31.3.20 | ഡെപ്പോസിറ്റ്സ് | 4,00,000/- 27.11.19 |
| 3. | 119030900005/31.3.20 (ട്രെഷറി സാംഖ്യ രസീത് ലഭ്യമല്ല ) | ഡെപ്പോസിറ്റ്സ് | 1,96,000/- 24.8.19 |

ട്രഷറി ടി.എസ്.ബി -ജോയിന്റ് വെഞ്ചർ ബാങ്ക് ബുക്ക് പ്രകാരം മേൽ സൂചിപ്പിച്ച തുകകൾ

വരവ് വച്ചിട്ടുണ്ട്. എന്നാൽ ടി അക്കൗണ്ടിന്റെ പാസ് ബുക്ക് പരിശോധിച്ചതിൽ തുക വരവ് വന്നിട്ടില്ല. ഇത്തരത്തിലുള്ള അപാകതയ്ക്ക് കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 10/1.6.22) മറുപടി ലഭ്യമാക്കിയിട്ടില്ല.2019-20 വർഷത്തെ ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ തയ്യാറാക്കാത്തതിനാൽ കൂടുതൽ പരിശോധന നടത്താൻ സാധിച്ചിട്ടില്ല.മേൽ വരവുകളുടെ ആധികാരികത ഉറപ്പ് വരുത്തുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

മേൽ തുകകൾ കുറവ് ചെയ്തതിന്റെ ഉത്തരവ് പരിശോധക്ക് ലഭ്യമാക്കേണ്ടതാണ്.

II ) 31.3.20 ഡേ ബുക്ക് പ്രകാരം താഴെ പറയുന്ന രീതിയിൽ ഫ്രണ്ട് ഓഫീസിൽ ചെക്ക് ലഭിച്ചിട്ടുണ്ട്. എന്നാൽ ടി തുകകൾ വരവ് വന്ന ട്രഷറി സ്പെഷ്യൽ ടി.എസ്.ബി -ജോയിന്റ് വെഞ്ചർ(450650109) അക്കൗണ്ട് നമ്പർ -799011400002780 പാസ് ബുക്ക് പരിശോധിച്ചതിൽ 31.3.20 നു മുൻപ് തന്നെ വരവ് വന്നതായി കണ്ടു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സാംഖ്യ രസീത് നമ്പർ | തുക | പാസ്സ്ബുക്കിൽ വരവ് വന്ന തീയതി |
|---|---|---|---|
| 1. | 119030900001/31.3.20 | 3,00,000/- | 21.1.20 |
| 2. | 119030900004/31.3.20 | 4,90,000/- | 24.6.19 |
| 3. | 119030900006/31.3.20 | 3,35,000/- | 6.9.19 |
| 4. | 119030900008/31.3.20 | 28,000/- | 29.8.19 |

ഇത്തരത്തിൽ വരവ് വന്ന തുകകൾ മേൽ സൂചിപ്പിച്ച പ്രകാരം വൈകി രസീത് തയ്യാറാക്കാൻ കാരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 10/1.6.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ

തയ്യാറാക്കാത്തതിനാൽ ടി വരവുകളുടെ ആധികാരികത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-11 ഡെയ്‌ലി കളക്ഷൻ-കുറവ് തുക അടവാക്കി.

30.9.19 ലെ ഡേ ബുക്ക് പ്രകാരം 10,925/- രൂപ ഫ്രന്റ് ഓഫീസിൽ കളക്ഷൻ വന്നിട്ടുണ്ട്. എന്നാൽ അന്നേ ദിവസം 10,509/- രൂപ കരുവന്നൂർ കോ-ഓപ്പറേറ്റീവ് ബാങ്കിൽ അടവാക്കിയിട്ടുണ്ട്. ഇതിൽ 416/- രൂപ കുറവാണ് അടവാക്കിയിട്ടുള്ളത്.ടി തുക അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിരിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 വാഹന പരിപാലനം-ലോഗ്ബുക്കിൽ തെറ്റായ ഇന്ധനവിവരങ്ങൾ ചേർക്കുന്നു.

ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള KL- 45 ജെ 4370 സ്വിഫ്റ്റ് ഡിസയർ എന്ന വാഹനത്തിന്റെ ലോഗ്ബുക്ക്, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനമായ KL- 45 ജെ 4370 സ്വിഫ്റ്റ് ഡിസയർ എന്ന വാഹനത്തിൽ ഇന്ധനം നിറക്കുന്ന വിവരം കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ഏപ്രിൽ 2019 ലെ വൗച്ചർ പരിശോധിച്ചതിൽ ടി വാഹനത്തിൽ ഫെബ്രുവരി 2019 ൽ ഇന്ധനം നിറച്ചതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടുണ്ട്. സമർപ്പിച്ചിരിക്കുന്ന 3 ബില്ലുകൾ പ്രകാരവും പാലത്തിങ്കൾ ഓട്ടോ ഫ്യൂവെൽസ് ആൻഡ് സർവീസസ്, ഇരിങ്ങാലക്കുട എന്ന സ്ഥാപനത്തിൽ നിന്നാണ് ഇന്ധനം നിറച്ചിരിക്കുന്നത്. എന്നാൽ ടി ബില്ലുകളും ലോഗ്ബുക്കിൽ ചേർത്ത വിവരങ്ങളായ തീയതി, അളവ് എന്നിവ തമ്മിൽ പെരുത്തപ്പെടാത്തതായി കാണുന്നു. ആയതിന്റെ വിവരം താഴെ പട്ടികപ്പെടുത്തുന്നു.

| **ലോഗ്ബുക്ക് പ്രകാരം ഇന്ധനം നിറച്ച വിവരങ്ങൾ** | | **ബിൽ പ്രകാരം ഇന്ധനം നിറച്ച വിവരങ്ങൾ** | |
|---|---|---|---|
| തീയതി | അളവ് | തീയതി | അളവ് |

| | | | |
|---|---|---|---|
| 8.2.19 | 30L | 6.2.19 | 35L |
| 19.2.19 | 30L | 14.2.19 | 35L |
| 26.2.19 | 20L | 21.2.19 | 35L |
| **ആകെ** | **80 L** | **ആകെ** | **105L** |

ലോഗ് ബുക്കിൽ ഫെബ്രുവരി മാസത്തിന്റെ മാസാന്ത്യസംക്ഷിപ്തത്തിൽ ആകെ വാങ്ങിയ ഇന്ധനം **110 L** എന്നാണ് ചേർത്തിരിക്കുന്നത്. ഇത്തരത്തിലുള്ള അപാകതക്ക് വ്യക്തമായ കാരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻകചയറിക്ക്(നം.13/2.6.22)മറുപടിയായി ബിൽ പ്രകാരമുള്ള 105Lഇന്ധനം തന്നെ നിറച്ചിട്ടുണ്ടെന്നും ലോഗ്ബുക്കിൽ എഴുതിയതെല്ലാം ക്ലറിക്കൽ തെറ്റുകളാണെന്നും അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള KL- 45 ജെ 4370 ഇന്ധന ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ എന്നിവ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല. ആയത് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-13 വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

സോഫ്റ്റ്‌വെയർ പ്രകാരമുള്ള വൗച്ചർ നമ്പർ രേഖപ്പെടുത്താതെ ഓരോ മാസത്തേക്കും ഉള്ള നമ്പരുകൾ മാനുവൽ ആയി വൗച്ചറുകളിൽ ചേർക്കുന്നു. വൗച്ചറുകൾ ക്രമമായിട്ടല്ല സൂക്ഷിച്ചിരിക്കുന്നത്. എല്ലാ വൗച്ചറുകൾക്കും സബ് വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾ ഏതു ശീർഷകത്തിൽ രേഖപ്പെടുത്തി എന്ന് വ്യക്തമാക്കുന്ന Payment Voucher പ്രിന്റ് എടുത്തു വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല.

## 1-14 ഗ്രാമലക്ഷ്മി മുദ്രാലയത്തിന് കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള രെജിസ്റ്ററുകളും ഫോമുകളും ലഭ്യമായിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ഓഫീസ് ഉപയോഗത്തിലേക്കായി ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും രജിസ്റ്ററുകളും ഫോമുകളും വാങ്ങുന്നതിനു 22,747/- രൂപ 5679847/22.8.19 എന്ന ചെക്ക് പ്രകാരം ഗ്രാമലക്ഷ്മി മുദ്രാലയം, പാലക്കാടിന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ 9222/- രൂപക്കുള്ള 4 ഇനങ്ങൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളു. ബാക്കിയുള്ള തുകയ്ക്കുള്ള രെജിസ്റ്ററുകളും ഫോമുകളും നാളിതുവരെ ലഭ്യമാക്കുകയോ ബാക്കി തുകയായ 13,525/- തിരികെ ലഭിക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് ( നമ്പർ: 34/3.6.22) മറുപടി ലഭ്യമായിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 2021-22 ൽ വീണ്ടും ഗ്രാമലക്ഷ്മിയിൽ നിന്ന് സാധനങ്ങൾ കാണുന്നു. 2019-20 ൽ ടി സ്ഥാപനത്തിന് കൈമാറിയ 13,525/ രൂപക്കുള്ള -രെജിസ്റ്ററുകളും ഫോമുകളും ലഭ്യമാക്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 സെക്രട്ടറിയുടെ പേരിലല്ലാത്ത കെട്ടിടത്തിന് വൈദുതി ചാർജ്ജ് അടവാക്കുന്നു.

വിവിധ മാസങ്ങളിലെ വൗച്ചർ പരിശോധിച്ചതിൽ വൈദുതി ബിൽ അടവാക്കിയതിൽ താഴെ പറയുന്ന അപാകത കാണുന്നു. ബ്ലോക്ക് ഓഫീസ് കെട്ടിടങ്ങളുടെ വൈദുതി ചാർജ്ജ് അടവാക്കുമ്പോൾ ‘ബ്ലോക്ക് പുതിയ കെട്ടിടം’ എന്ന പേരിൽ അടവാക്കുന്ന വൈദ്യുതി ചാർജിന്റെ ബില്ലിൽ കൺസ്യൂമറിന്റെ പേര് ‘വിലാസിനി അമ്മാൾ’ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
വിവരങ്ങൾ ചുവടെ ചേർക്കുന്നു.
കൺസ്യൂമർ നമ്പർ : 1156401008645

കൺസ്യൂമറിന്റെ പേര്: വിലാസിനി അമ്മാൾ
വൈദുതി ചാർജ്ജ് അടവാക്കിയ ഏതാനും മാസങ്ങളിലെ വിവരങ്ങൾ :

| ക്രമ നമ്പർ | വൈദുതി ചാർജ്ജ് | ചെക്ക് നമ്പർ | തീയതി |
|---|---|---|---|
| 1. | 5159/- | 5679155 | 2.4.19 |
| 2. | 4598/- | 5679196 | 31.5.19 |
| 3. | 6133/- | 5679870 | 28.9.19 |

മേൽ സൂചിപ്പിച്ച മുഴുവൻ ബില്ലുകളും ടിയരിയുടെ പേരിലുള്ളതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ: 15/2.6.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് കൃത്യമായി പരിശോധിച്ച് കെട്ടിടം സെക്രട്ടറിയുടെ പേരിലാണെന്നും വൈദുതി കൺസ്യൂമർ കണക്ഷൻ സെക്രട്ടറിയുടെ പേരിലേക്ക് മാറ്റാനുള്ള നടപടികളും സ്വീകരിച്ചു് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 റോഡ് പ്രവൃത്തികൾ -അപാകതകൾ

ജി.ഒ.(എം.എസ്) 11/18/തസ്വഭവ തീയതി.29.01.18 നം.ഉത്തരവ് ഖ.7.13.4 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത ഏത് റോഡും മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രൊജക്റ്റ് ഏറ്റെടുക്കാവുന്നതാണ്. ആയതിന് ചുവടെ പ്രതിപാദിക്കുന്ന വ്യവസ്ഥകൾ പാലിക്കണം.

1. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങിയിരിക്കണം.

2. പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് (പി.എം.എ.വൈ) വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ട് എന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിരിക്കണം.

ബ്ലോക്ക് പഞ്ചായത്ത് 2019-20 , 2020-21 വർഷങ്ങളിൽ നടപ്പാക്കിയ റോഡ് പ്രവൃത്തികളുടെ ഫയൽ പരിശോധനയിൽ മേൽപറഞ്ഞ വ്യവസ്ഥകൾ പാലിച്ചതിന്റെ രേഖകൾ

ലഭ്യമായില്ല. ഉദാ: മച്ച് കമ്മട്ടിത്തോട് റോഡ്- കാറളം ഗ്രാമപഞ്ചായത്ത് ,പൊഞ്ഞനം ആനക്കുളം റോഡ് റീടാറിംഗ്- കാട്ടൂർ ഗ്രാ. പ വാർഡ് 6

3. ബ്ലോക്ക് പഞ്ചായത്തുകൾക്ക് റോഡ് മെയിന്റനൻസ് ഫണ്ട് നൽകുന്നില്ല. റോഡിതര ഫണ്ടും, പ്ലാൻഫണ്ടും ഉപയോഗിച്ചാണ് പദ്ധതികൾ നിർവ്വഹിക്കുന്നത്. നിർവ്വഹണശേഷം റോഡുകൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറേണ്ടതുണ്ട്. ഇത്തരം പ്രവൃത്തികളുടെ ചെലവ് വാർഷിക കണക്കുകളുമായി ബന്ധപ്പെടുത്തി പരിശോധിച്ചതിൽ ഷെഡ്യൂൾ B-11 Fixed Assets ൽ ടി തുക ബുക്ക് ചെയ്തിരിക്കുന്നതായി കണ്ടു. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി അല്ലാത്ത റോഡുകൾ വാർഷിക കണക്കുകളിൽ ആസ്തി മൂല്യമായി കണക്കാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. റോഡ് ആസ്തികൾ പഞ്ചായത്തിന് കൈമാറിയതിന്റെ രേഖ ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.23 / 3.6.22 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-17 പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസം - പിഴ 17649രൂപ ഈടാക്കേണ്ടതാണ്

നിർവഹണ ഉദ്യോഗസ്ഥൻ : അസി.എക്സി.എഞ്ചിനീയർ
പ്രൊജക്റ്റ് നം. 66 / 20
മച്ച് - കമ്മട്ടി തോട് റോഡ് കാറളം
ടി.എസ്.നം. 84125/ 2017-18
LSGD/ T S 2017 - 18/ 47807/ 4.11.2017
T S Amount: 600000
Duration : 4 മാസം
ഇ-ടെണ്ടറിനും റീ-ഇ ടെണ്ടറിനും ശേഷം ക്വട്ടേഷൻ നടത്തി. 19.2.18 ലെ 1 ൽ 6 നമ്പർ തീരുമാനം പ്രകാരം കോൺട്രാക്ടർ ബെന്നി സി.എയുടെ ക്വട്ടേഷൻ അംഗീകരിച്ചു.
തുക 594769.44 രൂപ

എഗ്രിമെൻ്റ് നം.15 AEE LSGD IJK 17-18 Dt. 12.3.18
എം ബി നം. 39/ 18-19
എം.ബി നം. 41/ 18 - 19
എം.ബി. നം.39/ 18-19 പേജ് നം.34 പ്രകാരം 24.3.19 നാണ് അവസാന ചെക്ക് മെഷർ നടത്തി കാണുന്നത്. പേജ്. നം.2 പ്രകാരം 28.2.19 നു മാത്രമേ പണി ആരംഭിച്ചിട്ടുള്ളു. 12.3.18 ൽ സൈറ്റ് ഹാൻ്റോവർ ചെയ്ത പ്രവൃത്തി ഒരു വർഷത്തോളമെടുത്ത് 24.3.19 നാണ് പൂർത്തീകരിച്ചത്.

എഗ്രിമെൻ്റിലെ വ്യവസ്ഥ 7 പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% സമയം (അഞ്ചിൽ ഒന്ന്) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. ആദ്യത്തെ 3 മാസം 1% വരെ അതിൽ കൂടുതൽ വരുന്ന ഓരോ 3മാസത്തിനും കരാർ തുകയുടെ 2% വീതം പിഴ ചുമത്തി കൊണ്ട് മാത്രമെ കാലാവധി നീട്ടി കൊടുക്കുവാൻ അനുവാദമുള്ളൂ. എന്നാൽ ഒരു പിഴയും ഈടാക്കാതെയാണ് കരാറുകാരന് തുക നല്കിയിട്ടുള്ളത്.

എഗ്രിമെൻ്റ് തിയ്യതി-12.03.18
പ്രവൃത്തി മൂല്യം – 588290

കരാർ കാലാവധി -4 മാസം(As Per TS)

പൂർത്തീകരിച്ച തിയ്യതി-27.03.19(പേജ് 34 , M.B.-39/18-19)

പൂർത്തീകരിക്കേണ്ട തിയ്യതി-17.07.18

17.07.18 -06.08.18 -Nil

06.08.18 To 05.11.18 -1%- 588290*1%=5883

6.11.18 To 5.2.19 -2%-588290*2%=11766

ആകെ -17649/-

12.3.18 ലെ കരാർ ഉടമ്പടി വ്യവസ്ഥ 7 പ്രകാരം കോൺ ട്രാക്ടറിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. 2012 ലെ PWD മാന്വൽ സെക്ഷൻ 2112 പ്രകാരമുള്ള വ്യവസ്ഥകൾ കരാറിൽ ഉൾക്കൊള്ളിച്ചിട്ടില്ല. കാലാവധി ദീർഘീകരണത്തിന് കരാറുകാരൻ അസി.എഞ്ചിനീയർ മുഖേന അപേക്ഷ സമർപ്പിച്ചിട്ടില്ല. 20.4.18 ലും 18. 12. 18 ലും അസി.എക്സി.എഞ്ചിനീയർ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. [നം. DB AEE LSGD Ijk 2018 - 19 നം. മേൽ തിയതി കത്തുകൾ].കത്തിന്മേൽ തുടർ നടപടികൾ സ്വീകരിച്ചതായി രേഖയില്ല.
മേൽ പ്രകാരം പിഴ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. [ഓഡിറ്റ് എൻക്വയറി നം.24/ 3.6.22 ന് മറുപടി ലഭ്യമാക്കിയില്ല.]

## 1-18 എസ്.സി വനിതകൾക്ക് സ്വയം തൊഴിൽ പരിശീലന കേന്ദ്രം- കെട്ടിടം കാറളം ഗ്രാമ പഞ്ചായത്തിന് രേഖാമൂലം കൈമാറിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

എസ്.സി വനിതകൾക്ക് സ്വയം തൊഴിൽ പരിശീലന കേന്ദ്രം നിർമ്മിക്കുന്നതിന് 25,57,806 രൂപ ചെലവിൽ കെട്ടിടം നിർമ്മിച്ച് പൂർത്തിയാക്കി. പൂർത്തീകരിച്ച കെട്ടിടം തുടർ നടപടികൾക്കായി കാറളം ഗ്രാമ പഞ്ചായത്തിന് കൈമാറുന്നതിന് അസി.എക്സി.എഞ്ചിനീയർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. [20.3.2020 ലെ DB1/AEE/LSGD/IJK/19-20 കത്തു മുഖേന]
കാറളം ഗ്രാമപഞ്ചായത്ത് വനിതാ വ്യവസായ എസ്റ്റേറ്റിന്റെ സ്ഥലത്താണ് കെട്ടിടം പണി തീർന്നത്. പ്രസ്തുത കെട്ടിടം കാറളം ഗ്രാമ പഞ്ചായത്തിന് രേഖാമൂലം കൈമാറിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി[ നം.22/3.6.22] ക്ക് മറുപടി ലഭ്യമാക്കിയില്ല.]

## 1-19 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറിക്ക് ധനസഹായം -പണി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

പ്രോജക്റ്റ് നം. 56/20

വകയിരുത്തിയ തുക -5600000/-

മേൽ പ്രോജക്റ്റ് പ്രകാരം ധനസഹായം നൽകിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയിട്ടില്ല.പ്രോജക്റ്റ് പ്രകാരം 200000/- രൂപ 50000/- രൂപ വീതം നാല് ഗഡുക്കളായാണ് ഗുണഭോക്താവിന് നൽകുന്നത്.വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ബിൽ നം. തി. | നൽകിയ തുക | ആകെ |
|---|---|---|---|---|
| 1 | സാമുവൽ .ടി.എസ്<br>S/O സന്തോഷ്<br>തുപ്രാടൻ ഹൗസ്<br>കാട്ടൂർ | 4/29.10.19<br>21900514/25.10.19<br>36/10.03.20<br>21900640/9.3.20 | 50000/-<br>50000/- | 100000/- |
| 2 | ബിജിലി.എൻ.ബി.<br>D/O ലാലി.കെ.കെ.<br>നെടുങ്ങാട്ട് ഹൗസ്<br>തൊട്ടിപ്പാൾ | 06/21.01.20<br>21900621/14.01.20<br>34/10.03.20<br>21900635/9.3.20 | 50000/-<br>50000/- | 100000/ |

പണി പൂർത്തീകരിച്ച് അവസാന ഗഡു നൽകുന്നതിന് നടപടികൾസ്വീകരിക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നം.18/03.06.22 പ്രകാരം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## **1-20 പ്രീമെട്രിക്ക് ഹോസ്റ്റലിലേക്ക് ഫർണ്ണീച്ചർ,ക്യാമറ സിസ്റ്റം ,മറ്റു അനുബന്ധ സൗകര്യങ്ങൾ - പ്രോജക്റ്റ് പ്രകാരം വാങ്ങിയ ഇനങ്ങൾ വാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടില്ല.97000/- രൂപ തടസ്സപ്പെടുത്തുന്നു**

പ്രോജക്റ്റ് നം. 112/20
നിർവ്വഹണോദ്യോഗസ്ഥൻ-പട്ടികജാതി വികസന ഓഫീസർ
ബിൽ നം .തി. തുക
24/27.02.20 -21100/-വൗച്ചർ നം.21900629/26.02.20
25/27.02.20 -38000/-വൗച്ചർ നം.21900631/26.02.20
26/27.02.20-19400/-വൗച്ചർ നം.21900628/26.02.20
27/27.02.20-18500/-വൗച്ചർ നം.21900626/26.02.20
മേൽ പ്രോജക്റ്റ് പ്രകാരം പ്രീ മെട്രിക് ഹോസ്റ്റലിലേക്ക് CCTV,Camera,Furniture എന്നിവ ടെന്ററർ വിളിച്ചത് പ്രകാരം നന്ദിക്കൽ സിസ്റ്റംസ് &ട്രേഡിങ്ങ്,ഇരിഞ്ഞാലക്കുട എന്ന സ്ഥാപനത്തിൽ നിന്നുംതാഴെ പറയും പ്രകാരം വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഇൻവോയ്സ് നം. തി. | റിമാർക്സ് |
|---|---|---|---|
| 1 | നന്ദിക്കൽ സിസ്റ്റംസ് &ട്രേഡിങ്ങ് ഇരിങ്ങാലക്കുട | NAN/623/19-20/20.02.20-19400/- | LED TV (LG)-1 |
| 2 | ,, | NAN/624/19-20/20.02.20-18500/- | Airport Chair-2 |

| | | | |
|---|---|---|---|
| 3 | ,, | NAN/619/19-20/20.02.20-38000/- | CCTV Camera |
| 4 | ,, | NAN/622/19-20/20.02.20-21100/- | Washing Machine |
| | ആകെ | 97000/- | |

വാങ്ങിയ ഇനങ്ങൾ സ്റ്റോക്കിലെടുക്കാതിരുന്നതിനാൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി-32/03.06.22).

## 1-21 സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുടെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുൾപ്പെടുന്ന വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് സംയുക്ത പദ്ധതികളുടെ നടത്തിപ്പിനായി തുക നൽകിയിട്ടുണ്ടെങ്കിലും ടി തുകകൾ പൂർണ്ണമായി വിനിയോഗിച്ചതിന്റെ രേഖകൾ, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | ബിൽ നം./ തിയതി. | നൽകിയ തുക | കുറിപ്പുകൾ |
|---|---|---|---|---|
| 1 | 08/19-20ഐ.കെ.എം.വിഹിതം | Bill No. 5/05-07.19 . വൗച്ചർ നം.21900477/27.06.2019 | 34322 | വിനിയോഗവിവരം ലഭ്യമല്ല. . |

| | | | | |
|---|---|---|---|---|
| 2 | 84/19-20, കാൻ,തൃശ്ശൂർ,ജില്ലാപഞ്ചായത്ത് വിഹിതം | Bill No.18 Dt.12.12.19 വൗച്ചർ നം.21900519/6.12.2019 6133209/11.12.19 | 75244/- 44756/- | 120000/- രൂപ നൽകിയതിന്റെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. |
| 3 | 05/20 തുറസ്സായ കിണറുകൾ ആൾമറ കെട്ടി സംരക്ഷിച്ച് ശുചിത്വ കിണറുകളാക്കി മാറ്റൽ -ഗ്രാമപഞ്ചായത്ത് വിഹിതം -ഹരിതകേരളം | Bill No.09 Dt. 16.08.19 വൗച്ചർ നം.21900488/07.08.2019 | 600000/- | കാറളം ഗ്രാമപഞ്ചായത്തിന് നൽകിയത് വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. |
| | | 21900623/11.02.20-6000 21900624/11.02.20-6000 21900634/27.02.20-6000 21900625/30.01.20-4000 | 22000 | മുരിയാട് ഗ്രാമപഞ്ചായത്തിന് നൽകിയത് വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. |
| 4 | 07/19-20ആശ്രയ പദ്ധതി - അഗതി രഹിത കേരളം | 15/29.10.19 വൗച്ചർ നം.21900513/23.10.2019 | 400000/ | 100000/-രൂപ വീതം മുരിയാട്,പർപ്പൂക്കര, കാറളം,കാട്ടൂർ ഗ്രാമപഞ്ചായത്തു |

| | | | | |
|---|---|---|---|---|
| | | | | കൾക്ക് നൽകി.വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 5 | 03/20ലൈഫ് പദ്ധതി-ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 04/26.07.19 21900479/19.06.19 | 810000/ | പർപ്പൂക്കര ഗ്രാ.പഞ്ചായത്തിന് നൽകി.വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. |
| | | 05/30.07.19 21900940/17.08.19 | 810000/- | കാറളം ഗ്രാമ പഞ്ചായത്തിന് നൽകി.വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. |
| | | 08/16.08.19 21900485/26.07.19 | 810000/- | കാട്ടൂർ ഗ്രാമപഞ്ചായത്തിന് നൽകി.വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. |

| | | | | |
|---|---|---|---|---|
| | | 21900490/17.08.19 | 810000/- | മുരിയാട് ഗ്രാമപഞ്ചായത്ത് -വിഹിതം നൽകിയതിന്റെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. |
| 7 | 17/20<br>ആശ്രയ പദ്ധതി -എസ്.സി അഗതി രഹിത കേരളം.ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 06/30.07.19<br>21900486/26.7.19 | 800000/- | കാറളം, കാട്ടൂർ ഗ്രാമപഞ്ചായത്തുകൾക്ക് 200000/- രൂപ വീതവും,മുരിയാട് ഗ്രാമപഞ്ചായത്തിന് 400000/- രൂപ വീതവും നൽകിയിട്ടുണ്ട്. വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. |

മേൽ പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി നൽകിയതിന് 25/03.06.22 മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 പത്ര പരസ്യം-സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല.

ജി ഒ (ആർ ടി)01/11 ഐ & പി ആർ ഡി, തി. 4-1-2011, ജി ഒ (ആർ ടി)288/14/ഐ & പി ആർ ഡി, തി. 10-9-14 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാനപത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 2019-20 ൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നല്കിയതിനുള്ള പരസ്യചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമാകാത്തതായി കാണുന്നു.

വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം/വൗച്ചർ നം | തുക | പത്രം |
|---|---|---|---|
| 1 | 6133261/ Dt. 25.2.20 | 7728 | ദേശാഭിമാനി |
| 2 | 5679867/Dt. 27.9.19 | 9660 | ദേശാഭിമാനി |
| 3 | 5679885/Dt.24.10.19 | 9660 | ദേശാഭിമാനി |
| 4. | 5679896/Dt.13.11.19 | 25116 | ദേശാഭിമാനി |
| 5. | 6133281/Dt. 25.2.20 | 7728 | ദേശാഭിമാനി |

സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമാണെന്നിരിക്കെ മേൽ ഡിസ്കൗണ്ട് ലഭ്യമായതായി കാണുന്നില്ല. അനുവദിച്ച് കിട്ടുന്നതിന് നടപടികളൊന്നും സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകചയറിക്ക് മറുപടി ലഭ്യമാക്കിയില്ല.ഡിസ്കൗണ്ട് ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. (നം.35 /3.6.22)

# 1-23 ജലസേചനപദ്ധതികൾ - മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കേണ്ടതാണ്;രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 42235രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ ഉത്തരവ് പ്രകാരം ജലസേചന പ്രൊജക്ടുകളുടെ തുടർ നടത്തിപ്പും സംരക്ഷണവും പരിപാലനവും പാടശേഖര സമിതി, കർഷക കൂട്ടായ്മ, ഗുണഭോക്തൃ സമിതി എന്നിവയുടെ ചുമതലയായി പ്രൊജക്ടിൽ വ്യവസ്ഥ ചെയ്യണം.

എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ താഴെ പറയുന്ന ജലസേചന പദ്ധതിയിൽ മേൽ പരാമർശിച്ച നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നതായി കാണുന്നില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ/ പേര് | 68/20SO<br>മണലിപ്പാടം ലിഫ്റ്റ് ഇറിഗേഷൻ<br>ജലസേചനപദ്ധതി |
| അടങ്കൽ | 600000 രൂപ |
| കരാറുകാരൻ | ബെന്നി സി.എ |
| കരാർ | 7/AEE/LSGD/IJK/17-18തിയ്യതി 9.11.2017 |
| കരാർ തുക | 464231.49 |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയ്യതി[As Per T.S | 23.3.2018 |

| | |
|---|---|
| No.6699/2017-18/24.8.17 Duration Of Work:5 Months] | |
| പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 23.5.2018 |
| തൻ വർഷത്തെ ചെലവുതുക | 42235/-;Vr.No:21900471/17.4.2019 |
| പദ്ധതിക്ക് ആകെ ചെലവായ തുക | 5, 67,659 രൂപ |

23.5.18 ൽ സിവിൽ ഇലക്ട്രിഫിക്കേഷൻ ജോലികൾ പൂർത്തിയായി. തുടർന്ന് 16.1.2019 ൽ അസി.എക്സി.എഞ്ചിനീയർ DB/ AEE/ LSGD/ IJK കത്തു മുഖേന KSEB യിൽ നിന്നും ഇലക്ട്രിക് കണക്ഷൻ എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കത്തു നൽകിക്കാണുന്നു. പിന്നീട് 10.7.20ലെ കത്തു പ്രകാരമാണ് പദ്ധതി പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതിക്ക് കൈമാറുന്നതിനായി അസി.എക്സി. എഞ്ചിനീയർ സെക്രട്ടറിക്ക് കത്തു നൽകുന്നത്. മേൽ പ്രക്രിയയിൽ ഒരു വർഷത്തിലധികം കാലതാമസം വന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനക്ഷമമാക്കി ഗുണഭോക്തൃ സമിതിക്ക് കൈമാറിയതിന്റെ റിപ്പോർട്ട് ഫയലില്ല. മാർഗ്ഗ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ച് മാത്രം ജലസേചന പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകചയറി [നം.8/1.6.22] ക്ക് മറുപടി നൽകിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതുവരെ തൻവർഷത്തെ ചെലവു തുക 42235രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | വിഹിതം നൽകിയ | മുന്നിരിപ്പ് | തുക ലഭിച്ച | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| സ്ഥാപനം | | വർഷം | | | | |
| ഗ്രാമ പഞ്ചായത്ത് | | 2019-20 | 70000 | പി.എം.എ.വൈ (എസ്.സി.പി) | 70000 | 0 |
| | - | 2019-20 | 70000 | പി.എം.എ.വൈ (ജനറൽ) | 70000 | 0 |
| ജില്ലാ പഞ്ചായത്ത് | 1675365 | 2019-20 | | പി.എം.എ.വൈ (ജനറൽ) | 98000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2017-18 | 3.3 | 2018-19 | 3.3 | കാട്ടൂർ - കാറളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി അപാകതകൾ : 29, 55,985 രൂപ ചെലവാക്കിയ പദ്ധതി പ്രവർത്തന സജ്ജമാക്കി ജലവിതരണം ആരംഭിച്ചിട്ടില്ല. | പദ്ധതിയുടെ ഇലക്ട്രിഫിക്കേഷൻ അടക്കം എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതും പ്രവർത്തനക്ഷമവുമാണ്. കെ.എസ്.ഇ.ബിയിൽ നിന്നും വൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ളതും ആവശ്യാനുസരണം പമ്പിംഗ് ചെയ്യാവുന്നതുമാണ്. ഈ പദ്ധതിയുടെ തുടർനടത്തിപ്പിനായി കൈമാറുന്നതിന് ഗുണഭോക്തൃ സമിതിയുമായി 25.2.2022 ന് കരാർ വെച്ച് കൈമാറിയിട്ടുണ്ട്. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

## (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 33572893 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 33086312 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 139235/- |

## (ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

## <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 97000/- | ശ്രീമതി.സുകന്യ.എൻ.എസ് പട്ടികജാതി വികസന ഓഫീസർ |
| 1-23 | 42235/- | ശ്രീ. വിജയൻ പി.എസ്. അസി.എഞ്ചിനീയർ |
| | 139235/- | |

## (സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല.

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സുകന്യ.എൻ.എസ് പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ | രത്ന വില്ല പേരൂർക്കട തിരുവനന്തപുരം |
| ശ്രീ. വിജയൻ പി.എസ്. അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | പുത്തൂർ വീട് ആളൂർ പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96,96-97,97-98 | നം.എൽ.എഫ്.ടി.8-328/99/01-07-99 | |
| 98-99 | എൽ.എഫ്.ടി 16-1422/02/02-08-03 | |

| | | |
|---|---|---|
| 99-00 | എൽ.എഫ്.ടി 16-1423/02/30-09-03 | |
| 00-01,01-02 പ്ലാൻ | എൽ.എഫ്.ടി 16-53/04/01-03-04 | |
| 00-01 | എൽ.എഫ്.ടി 21-2466/07/09-01-09 | |
| 01-02 | എൽ.എഫ്.ടി 21-2645/07/09-01-09 | |
| 02-03 | എൽ.എഫ്.ടി 21-2604/07/09-01-09 | |
| 03-04 | എൽ.എഫ്.ടി 21-2463/07/09-01-09 | |
| 04-05 | എൽ.എഫ്.ടി 21-2462/07/09-01-09 | |
| 05-06 | എൽ.എഫ്.ടി 21-789/09/09-05-10 | |
| 06-07 | എൽ.എഫ്.ടി 21-790/09/30-03-10/06-08-10 | |
| 07-08 | എൽ.എഫ്.ടി (ബി.പി)1618/11/16-04-12 | |
| 08-09 | എൽ.എഫ്.ടി (ബി.പി)1619/11/16-04-12/03-08-12 | |
| 09-10 | എൽ.എഫ്.ടി(ബി.പി)1620/11/16-04-12/03-08-12 | |
| 10-11 | എൽ.എഫ്.ടി(ബി.പി)2294/12/08-02-13/03-06-13 | |
| 11-12 | എൽ.എഫ്.ടി(ബി.പി)206/13/08-05-13/02-09-13 | |
| 12-13 | എൽ.എഫ്.ടി(ബി.പി)1021/14 | |
| 13-14 | കെ എസ് എ ടിഎസ് ആർ-(ബി പി 2)1703/15/1.1.16/3.2.16 | |
| 14-15 & 15-16 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.2) 653/17 തി.26.05.17 | |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ.(ബി.പി.2) 1711/17 തി. 7.12.17 | |

| | | |
|---|---|---|
| 17-18 | നം കെ.എസ്.എ.ടി.എസ്.ആർ(ബിപി2)13/2019 07.03.2019 | |
| 2018-19 | നം കെ.എസ്.എ.ടി.എസ്.ആർ(ബിപി2)958/19/ തീയതി: 05.08.19 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1
# ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്